## (46) ബാംബൂ കോർപ്പറേഷനിലെ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കണമെന്ന ആവശ്യം

ശ്രീ. പി. ജെ. ജോയി: സർ, ബാംബൂ കോർപ്പറേഷന്റെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. തൊഴിലാളികളുടെ വേതന വർദ്ധനവിന്റെ കാലാവധി കഴിഞ്ഞ ഫെബ്രുവരിയിൽ അവസാനിച്ചിരിക്കുകയാണ്. വളരെ കുറഞ്ഞ കൂലിക്ക് ജോലി ചെയ്യുന്ന തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. പ്രധാനമായും തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന ഈ തൊഴിലാളികൾ കൂലി കുറവാണ് എന്ന കാരണംകൊണ്ട് ഇന്നു മറ്റു ജോലികളിലേക്ക് മാറിപ്പോകുന്ന സ്ഥിതിയാണ് കണ്ടുവരുന്നത്. ഇത് ബാംബൂ കോർപ്പറേഷന്റെ നിലനിൽപ്പിനെതന്നെ ബാധിക്കുന്നതാണ്. അടിയന്തിരമായി തൊഴിൽ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് തൊഴിലാളികളുടെ വേതനവും ഉല്പന്നത്തിന്റെ വിലയും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാൻ ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 1996 ഫെബ്രുവരിയിലാണ് നിലവിലുള്ള രണ്ടു വർഷക്കാലത്തെ എഗ്രിമെന്റിന്റെ കാലാവധി അവസാനിച്ചത്. ഇതിന്റെ വേജ് റിവിഷനെ സംബന്ധിച്ച് യൂണിയൻസ് മാനേജുമെന്റുമായി ചർച്ച നടത്തിവരികയാണ്. ഏതായാലും ഇതിനെക്കുറിച്ച് ഞാൻതന്നെ ഒരു കോൺഫറൻസ് വിളിച്ചിട്ടുണ്ട്. ഒരുകാര്യം ബഹുമാനപ്പെട്ട മെമ്പറോട് പറയാൻ ഉദ്ദേശിക്കുകയാണ്. കോർപ്പറേഷന്റെ സാമ്പത്തിക പരിമിതിക്ക് അകത്തുനിന്നുകൊണ്ട് തൊഴിലാളികൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരമാവധി ചെയ്യാമെന്നു മാത്രമേ ഈ അവസരത്തിൽ ഞാൻ പറയുന്നുള്ളൂ.

## (47) ഭൂരഹിതരായ ഹരിജനങ്ങൾക്ക് വീടു വയ്ക്കുന്നതിന് നൽകിവരുന്ന ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന ആവശ്യം

ശ്രീ. എം. നാരായണൻ (കുഴൽമന്ദം): സർ, നമ്മുടെ സംസ്ഥാനത്തെ ഭൂരഹിതരും ഭവന രഹിതരുമായിട്ടുള്ള ഹരിജനങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുവേണ്ടി സർക്കാർ നൽകിവരുന്ന ഗ്രാന്റ് 20,000 രൂപയാണ്. ഭൂമിയുള്ളവർക്ക് വീട്വയ്ക്കുന്നതിന് നൽകിവരുന്നത് 15,000 രൂപയാണ്. ഈ സംഖ്യകൊ തികച്ചും അപര്യാപ്തമാണ്. ഇന്ന് സ്ഥലത്തിന്റെ വില വളരെയേറെ വർദ്ധിച്ചിരിക്കുകയാണ്. അതുപോലെ ഭവനനിർമ്മാണ സാമഗ്രികളുടെ വില താങ്ങാനാവാത്തവിധം വർദ്ധിച്ചിരിക്കുന്നു. അതുകൊണ്ട് തുടങ്ങിവച്ചിട്ടുള്ള നൂറുകണക്കിന് വീടുകളുടെ നിർമ്മാണം നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് വീടില്ലാത്തവർക്ക് വീട് വയ്ക്കുന്നതിനും സ്ഥലമില്ലാത്തവർക്ക് സ്ഥലം വാങ്ങി വീടു വയ്ക്കാനും ഇന്നു നൽകിവരുന്ന സംഖ്യ 15,000-ൽ നിന്നും 20,000 രൂപയും, 20,000 രൂപയിൽനിന്ന് 25,000 രൂപയുമാക്കി വർദ്ധിപ്പിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ്, പിന്നോക്ക വിഭാഗ സമുദായ-ക്ഷേമവകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, നേരത്തേ ഒരു ഗുണഭോക്താവിന് ഭൂമി വാങ്ങാൻ നൽകിയിരുന്നത് 5,000 രൂപയാണ്. ആ 5,000 രൂപ 10,000 രൂപയാക്കിയിട്ടുണ്ട്. അതുപോലെ ഭവന നിർമ്മാണത്തിനുള്ള ഗ്രാന്റ് 10,000 രൂപയിൽനിന്ന് 15,000 രൂപയാക്കി 12-12-1995 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് രണ്ടുംകൂടി ചേർത്ത് ഒരു വീടു വയ്ക്കുന്നതിന് 25,000 രൂപ ഗ്രാന്റായി നൽകുന്നുണ്ട്. ഇതും അപര്യാപ്തമാണെന്നു നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഭൂമിയുടേയും മറ്റു നിർമ്മാണ സാമഗ്രികളുടെയും വർദ്ധിച്ചുവരുന്ന വിലകൂടി കണക്കിലെടുത്ത് ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഒരു വർഷത്തിനുള്ളിലാണ് 25,000 രൂപയായി വർദ്ധിപ്പിച്ചത്. ഇനിയും ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## (48) വന്യമൃഗങ്ങളിൽ നിന്ന് കൃഷിഭൂമി സംരക്ഷിക്കാൻ കമ്പിവേലി കെട്ടണമെന്ന ആവശ്യം

ശ്രീ. ടി. ചാത്തു: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി, നെൻമാറ, അയിലൂർ എന്നീ അഞ്ചു പഞ്ചായത്തുകളുടെ അതിർത്തി പ്രദേശം മുഴുവൻ മലയും വനവും നിറഞ്ഞതാണ്. ഈ പഞ്ചായത്തുകളുടെ താഴ്വരയിൽ ആയിരക്കണക്കിന് കൃഷിക്കാർ കൃഷി ചെയ്യുന്നു. മേൽ പ്രസ്താവിച്ച വനപ്രദേശമാകെ വന്യമൃഗസംരക്ഷണ മേഖലയാണ്. വനത്തിൽ നിന്ന് ആന, പന്നി, പുലി തുടങ്ങിയ വന്യമൃഗങ്ങൾ കൂട്ടമായി ഇറങ്ങി ഓരോ വർഷവും ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന കാർഷിക വിളകൾ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഒരു മാസം മുമ്പ് കൽച്ചാടി എന്ന പ്രദേശത്ത് എഴ് ആനകൾ ഒരുമിച്ചിറങ്ങി ഒരാഴ്ചക്കാലം മുഴുവൻ ലക്ഷക്കണക്കിനു രൂപയുടെ കൃഷിയും മറ്റും നശിപ്പിച്ചു; വാഴ, തെങ്ങ്, നെല്ല്, നാളികേരം, കവുങ്ങ്, മുതലായവയെല്ലാം തകർത്തു. ജനങ്ങൾക്ക് നോക്കി നിൽക്കാനല്ലാതെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. വെടി വയ്ക്കാൻ അധികാരവുമില്ല. ഈ സാഹചര്യമുള്ളതുകൊണ്ട് ഈ വനമേഖലയിൽ സർക്കാർ ഒരു വേലി കെട്ടിയാൽ മതി. ഇന്ത്യാ രാജ്യത്തിന്റെ അതിർത്തിയിലാകെ വേലികെട്ടാൻ നമ്മുടെ ഗവൺമെന്റിന് കഴിയുമെങ്കിൽ ഈ കൃഷിക്കാരുടെ ലക്ഷക്കണക്കിന് രൂപ വിലവരുന്ന വിളകൾ ഓരോ വർഷവും നശിപ്പിക്കുന്ന ഈ മൃഗങ്ങളിൽനിന്നും കൃഷിക്കാരെ രക്ഷിക്കുന്നതിന് വനാതിർത്തിയിൽ ഒരു വേലി കെട്ടണം.. ഇവർക്കുണ്ടാകുന്ന നഷ്ടം കണക്കാക്കി നഷ്ടപരിഹാരം കൊടുത്തേ മതിയാകൂ. അതുകൊണ്ട് വേലികെട്ടലാണ് ഗുണപ്രദം. ഇക്കാര്യങ്ങൾക്കുവേണ്ടി വനംവകുപ്പ് എത്രയോ രൂപ ചെലവാക്കുന്നുണ്ട്. അക്കൂട്ടത്തിൽ രണ്ടു മൂന്നു വർഷംകൊണ്ട് ഈ വനമേഖല മുഴുവൻ കമ്പിവേലി നിർമ്മിച്ച് കൃഷിക്കാരെ സഹായിക്കണമെന്നാണ് എനിക്ക് വനംവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, വന്യജീവി സംരക്ഷണം ശക്തിയായി നടക്കുന്നതുകൊണ്ട് വന്യജീവികൾ കുറച്ചു വർദ്ധിച്ചിട്ടുണ്ട്. വനപ്രദേശത്ത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള ശല്യങ്ങളും ആക്രമണങ്ങളുമുണ്ട്. വയനാട്ടിൽ ഇതു കൂടുതലുള്ളതുകൊണ്ട് വയനാട്ടിൽ കുറെയധികം സ്ഥലത്തു വേലി കെട്ടി തിരിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞ പ്രദേശത്തിലും

LIBRARY ARCHIVES Kerala Legislative Assembly